# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: നം. കെ.എസ്.എ.ഇ.കെ.എം.(പി4)1208/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 07/10/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം. കെ.എസ്.എ.ഇ.കെ.എം.(പി4)1208/2023 തീയ്യതി: 07/10/2023

## എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 16 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. ഓഡിറ്റ് പരാമർശങ്ങൾ 26-07-2023 തിയതിയിലെ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമുള്ള പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ്സ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 20-07-2023 | 26-07-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 20-07-2023 | 26-07-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

സന്തോഷ് കുമാർ കെ.വി., ഓഡിറ്റ് ഓഫീസർ
റഷീദ് സി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ഷറഫുദ്ദീൻ എസ്.എച്ച്., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
സന്തോഷ് കുമാർ എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ഹരീഷ് പി.ആർ., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| അൽഫോൺസ ഷാജൻ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| മധുസൂദനൻ ടി ജി | സെക്രട്ടറി | 01-04-2022 | 30-08-2022 |
| എം.എസ് സുനിൽ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 31-08-2022 | 07-10-2022 |
| വി എം അജിത്കുമാർ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 08-10-2022 | 12-10-2022 |
| അനിൽകുമാർ ആർ | സെക്രട്ടറി | 13-10-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
| --- | --- | --- | --- |
| എം.എസ്.സുനിൽ | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 31-03-2023 |
| ബീന പോൾ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 08-06-2022 |
| ശ്രീജ ജി എസ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 09-06-2022 | 25-07-2022 |
| അനിശ്രീ പ്രകാശ് | മെഡിക്കൽ ഓഫീസർ, ഹോമിയോ | 26-07-2022 | 31-03-2023 |
| സീന ഉത്തമൻ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| സ്മിത പി കെ | വെറ്ററിനറി സർജൻ | 01-04-2022 | 31-03-2023 |
| പ്രശാന്ത്.ഇ.എം | ഡയറി ഫാം ഇൻസ്പക്ടർ | 01-04-2022 | 31-03-2023 |
| എൽദോ.കെ.വി | എച്ച്.എം, ജെ.ബി.എസ് | 01-04-2022 | 30-06-2022 |
| എസ്സി കെ കെ | എച്ച്.എം, ജെ.ബി.എസ് | 01-07-2022 | 31-03-2023 |
| ലിജ.കെ.ദിവാകരൻ | മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി | 01-04-2022 | 31-03-2023 |
| ബാവു.ഒ.എച്ച് | കൃഷി ഓഫീസർ | 01-04-2022 | 31-03-2023 |
| രജിത.പി.എം | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| ദീപ്തി എസ് ആർ | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| അമ്പിളി.കെ.എം | വി.ഇ.ഒ തവളപ്പാറ | 01-04-2022 | 22-07-2022 |
| ലിസി കെ പി | വി.ഇ.ഒ തവളപ്പാറ | 23-07-2022 | 26-08-2022 |
| സ്മിത കെ ശശീന്ദ്രൻ | വി.ഇ.ഒ തവളപ്പാറ | 27-08-2022 | 31-03-2023 |
| ജിൻസി ചാക്കോച്ചൻ | വി.ഇ.ഒ മഞ്ഞപ്ര | 01-04-2022 | 20-02-2023 |
| സ്മിത കെ ശശീന്ദ്രൻ | സ്മിത കെ ശശീന്ദ്രൻ(അഡീഷണൽ | 21-02-2023 | 31-03-2023 |

| | | | |
|---|---|---|---|
| | ചാർജ്ജ്) | | |

ഉള്ളടക്കം



| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല | 1-1-1 |
| 3 | കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല. | 1-1-2 |
| 4 | ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല | 1-1-3 |
| 5 | ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിലെ Gross Surplus Of Income Over Expenditure - ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല | 1-1-4 |
| 6 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (അക്കൌണ്ട് ഹെഡ് 312109901 ) നിക്കിയിരിപ്പ്, മുൻ വർഷബാക്കിയേക്കാൾ കുറവ് രേഖപ്പടുത്തി | 1-1-5 |
| 7 | ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല | 1-1-6 |
| 8 | വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല | 1-1-7 |
| 9 | വിവിധ ആസ്തികൾക്ക് ഡിപ്രസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കായി ലഭ്യമാക്കിയില്ല. | 1-1-8 |
| 10 | ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല. | 1-1-9 |
| 11 | ഇ-ടെണ്ടർ ഫോറത്തിന്റെ വില-ധനകാര്യപത്രികയിൽ വരാവായോ റിസീവബിൾ ആയോ ഉൾപെടുത്തിയില്ല. | 1-1-10 |
| 12 | സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല | 1-1-11 |
| 13 | ഗ്രാന്റ് നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല. | 1-1-12 |
| 14 | വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല | 1-1-13 |
| 15 | ബജറ്റ് | 1-2 |
| 16 | സാമ്പത്തിക വിശകലനം | 1-3 |
| 17 | ഫണ്ട് വിനിയോഗം | 1-4 |
| 18 | പദ്ധതി അവലോകനം | 1-5 |
| 19 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 20 | ക്ഷേമ പദ്ധതികൾ | 1-7 |
| 21 | ക്യാഷ് ബാലൻസ് പരിശോധന | 1-8 |
| 22 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 24 | വസ്തു നികുതി – അപാകതകൾ | 1-11 |
| 25 | തൊഴിൽ നികുതി –അപാകതകൾ | 1-12 |
| 26 | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന | 1-13 |

| | | |
|---|---|---|
| 27 | എഫ്.ടി.ഇ.ഒ.എസ്. ലൈസൻസ് - അപാകതകൾ | 1-14 |
| 28 | ഭീമമായ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു | 1-15 |
| 29 | സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ | 1-16 |
| 30 | തൊഴിലുറപ്പ് പദ്ധതി- അപാകതകൾ | 1-17 |
| 31 | പുതിയ കിണർ നിർമ്മാണം - അപാകത | 1-18 |
| 32 | നിക്ഷേപ പ്രവർത്തികൾക്കായി നല്കിയ തുകക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല | 1-19 |
| 33 | ബാലസഭ പ്രവർത്തനം - അധികനിരക്കിൽ തുക ചെലവഴിച്ചതിനാൽ ₹22,000 നിരാകരിക്കുന്നു. | 1-20 |
| 34 | വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - ₹1,06,766/- തടസ്സപ്പെടുത്തുന്നു. | 1-21 |
| 35 | എസ്.എസ്.കെ. വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല | 1-22 |
| 36 | എഫ്.എച്ച്.സി.യിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ - കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-23 |
| 37 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല | 1-24 |
| 38 | പാലിയേറ്റീവ് കെയർ- പദ്ധതി നടപ്പിലാക്കിയതിൽ മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നില്ല | 1-25 |
| 39 | നെൽകൃഷിക്ക് കൂലി ചെലവ്- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിലും അധികം നൽകി | 1-26 |
| 40 | ഓഡിറ്റ് ഇംപാക്റ്റ് | 1-27 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ബാലസഭ പ്രവർത്തനം - അധികനിരക്കിൽ തുക ചെലവഴിച്ചതിനാൽ ₹ 22000/- നിരാകരിക്കുന്നു. | 3-1 |
| 2 | നെൽകൃഷിക്ക് കൂലി ചെലവ്- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിലും അധികം നൽകി | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് | 4-4 |
| 5 | വായ്പ/ വായ്പ തിരിച്ചടവ് | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |

| | | |
|---|---|---|
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് മഞ്ചപ്ര ഗ്രാമ പഞ്ചായത്ത് കമ്മിറ്റിയുടെ 30.06.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 1.07.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള മഞ്ചപ്ര ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, മഞ്ചപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

സ്ഥലം : കാക്കനാട്

തീയതി : 07.10.2023

ഡെപ്യൂട്ടി ഡയറക്ടർ

### 1-1-1 വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല

കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 62 (എഫ്) പ്രകാരം ഉൾപ്പെടുത്തേണ്ട അടിസ്ഥാന അനുപാതങ്ങൾ വാർഷിക ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

### 1-1-2 കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല.

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 13,73,840/-രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 20,73,484/-രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും സ്റ്റേറ്റ്മെന്റിലെ പ്രസ്തുത തുകകൾ പൊരുത്തപ്പെടുന്നില്ല.

### 1-1-3 ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

### 1-1-4 ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ടിലെ Gross Surplus Of Income Over Expenditure -

ബാലൻസ് ഷീറ്റുമായി പൊരുത്തപ്പെടുന്നില്ല

ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ Gross Surplus Of Income Over Expenditure ആയി രേഖപ്പെടുത്തിയിരിക്കുന്ന തുകയല്ല ഈ വർഷത്തെ പഞ്ചായത്ത് ഫണ്ടായി ബാലൻസ് ഷീറ്റിൽ വരുന്നത്.

1-1-5 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (അക്കൌണ്ട് ഹെഡ് 312109901 ) നിക്കിയിരിപ്പ്, മുൻ വർഷബാക്കിയേക്കാൾ കുറവ് രേഖപ്പടുത്തി

ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ (അക്കൌണ്ട് ഹെഡ് 312109901 ) നിക്കിയിരിപ്പ്, മുൻ വർഷബാക്കിയേക്കാൾ കുറവ് രേഖപ്പടുത്തിയതിന് വിശദീകരണം നൽകേണ്ടതാണ്.

1-1-6 ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ-തുകകൾ പൊരുത്തപ്പെടുന്നില്ല

തൻവർഷ അസറ്റ് ക്രിയേഷൻ ₹4917635 ആണ് എങ്കിലും ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനിൽ ₹2801420 മാത്രമാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്.

1-1-7 വസ്തുനികുതി കണക്കുകൾ പൊരുത്തപ്പെടുന്നില്ല

വസ്തുനികുതി ഡി.സി.ബി. കണക്കുകൾ സഞ്ചയ സോഫ്റ്റ്വെർ സ്റ്റേറ്റ്മെന്റും വാർഷിക കണക്കുകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല. കണക്കുകൾ പൊരുത്തപ്പെടുത്തുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കേണ്ടതാണ്.

1-1-8 വിവിധ ആസ്തികൾക്ക് ഡിപ്രസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കായി ലഭ്യമാക്കിയില്ല.

വിവിധ ആസ്തികൾക്ക് ഡിപ്രസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കായി ലഭ്യമാക്കിയില്ല. ആയതിനാൽ കൃത്യത പരിശോധിക്കാനായില്ല. വിശദാംശങ്ങളോടൊപ്പം വിശദീകരണം ലഭ്യമാക്കേണ്ടതാണ്. ഡിപ്രസിയേഷൻ കണക്കാക്കിയ സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-1-9 ചെലവഴിക്കാൻ ശേഷിക്കുന്ന ഗ്രാന്റ് തുക ബാങ്ക് അക്കൌണ്ട് നീക്കിയിരുപ്പുമായി പൊരുത്തപ്പെടുന്നില്ല.

B4 ഷെഡ്യൂൾ പ്രകാരം ₹74726 Contribution For Joint Venture Projects-From Block Panchayats എന്ന ഹെഡിൽ നീക്കിയിരിപ്പ് ഉണ്ടെങ്കിലും B-17 ഷെഡ്യൂളിൽ ഇതിനായുള്ള പ്രത്യേക ട്രഷറി ബാങ്ക് അക്കൌണ്ട് സൂക്ഷിച്ചതായി കാണുന്നില്ല. B4 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പ് B-17 ഷെഡ്യൂൾ പ്രകാരമുള്ള ബാങ്കുകളിലെ നീക്കിയിരുപ്പുമായി പൊരുത്തപ്പെടുത്തിയ സ്റ്റേറ്റ്മെന്റ് പരിശോധിയ്ക്കായി ഹാജരാക്കേണ്ടതാണ്.

1-1-10 ഇ-ടെണ്ടർ ഫോറത്തിന്റെ വില-ധനകാര്യപത്രികയിൽ വരാവായോ റിസീവബിൾ ആയോ ഉൾപെടുത്തിയില്ല.

ഇ-ടെണ്ടർ ഫോറത്തിന്റെ വില ഇനത്തിൽ ഗ്രാമ പഞ്ചായത്തിന് ലഭിക്കാനുള്ള തുക അതതു വർഷം അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകി കൃത്യത ഉറപ്പാക്കി ധനകാര്യപത്രികയിൽ വരാവായോ റിസീവബിൾ ആയോ ഉൾപെടുത്തിയതായി കാണുന്നില്ല.

1-1-11 സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല

അക്രൂ ചെയ്യുന്ന വരവിനങ്ങൾക്ക് (വസ്തു നികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ, വാടക, മുതലായവ) വർഷാരംഭത്തിലും തുടർന്നും കൃത്യ സമയങ്ങളിൽ ജേർണൽ എൻട്രിയിലൂടെ ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-12 ഗ്രാന്റ് നീക്കിയിരിപ്പ്-വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

B4 ഷെഡ്യൂളിൽ Other Liabilities എന്ന അക്കൗണ്ട് ഹെഡ് 320100999-ൽ ചേർത്ത നീക്കിയിരിപ്പ്, ₹31,886/-യുടെ വിശദാംശങ്ങൾ ലഭ്യമാക്കിയില്ല.

1-1-13 വരവ് രജിസ്റ്ററും വാർഷികകണക്കുകളും പൊരുത്തപ്പെടുത്തുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൌണ്ട് ചട്ടങ്ങൾ 2011,ചട്ടം58(2)(ഇ),(ജി). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ ലൈസൻസ് ഫീ രജിസ്റ്റർ

എന്നിവ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല. ആയതിനാൽ വരവ് തുകകളുടെ കൃത്യത ഉറപ്പുവരുത്താനാകുന്നില്ല.

## 1-2 ബജറ്റ്

2022-23 സാമ്പത്തികവർഷത്തേക്കുള്ള ബജറ്റിന് ഭരണസമിതിയുടെ 15.03.2022 തീയതിയിലെ 1 തീരുമാനപ്രകാരം അംഗീകാരം നൽകുകയുണ്ടായി. പരിഷ്കരിച്ച ബജറ്റ് 1/3/23 ലെ 3(2) തിരുമാനപ്രകാരം ഗീകരിച്ചു.

| | ബജറ്റ് പ്രകാരം | ധനകാര്യ പത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| മുൻബാക്കി | 57,12,489 | 5392813 | 319676 |
| വരവ് | 236592951 | 26133520 | 210459431 |
| ആകെ | 242305440 | 31526333 | 210779107 |
| ചെലവ് | 238461041 | 24759680 | 213701361 |
| നീക്കിയിരുപ്പ് | 3844399 | 6766653 | -2922254 |

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, 2022 -23 വാർഷിക ധനകാര്യപ്പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. ഗുണഭോക്താക്കൾക്കായി നേരിട്ട് ചെലവഴിച്ച സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിലെ ₹32259400/, തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള ₹19875397/- , വികസനഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് പ്രകാരമുള്ള ₹47602467/-എന്നിവ കണക്കിലെടുത്താലും ബജറ്റും യഥാർത്ഥ വരവു ചെലവുകളും തമ്മിൽ വലിയ അന്തരമുണ്ട്. ബജറ്റ് മാന്വൽ നിഷ്കർഷിക്കുന്ന വിധം ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 53,92,813 |
| ഓഡിറ്റ് വർഷത്തെ വരവ് | 2,61,33,520 |
| ആകെ | 3,15,26,333 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,47,59,680 |
| നീക്കിയിരിപ്പ് | 67,66,653 |

ഈ പത്രികയിലെ ഗ്രാമപഞ്ചായത്തിന്റെ വരവ്-ചെലവുകൾ റസീപ്റ്റ് & പേയ്മെന്റ് അക്കൗണ്ട് ആധാരമാക്കിയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ഗ്രാന്റുകളുടെയും മറ്റും വരവ്-ചെലവുകൾ തുടർ ഖണ്ഡികകളിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | വരവ് (അലോട്ട്മെന്റ്) | ആകെ | ചെലവ് | ലാപ്സായ തുക | നീക്കി യിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് - ജനറൽ | 0 | 9159665 | 9159665 | 9158963 | 702 | |
| വികസനഫണ്ട്-എസ്.സി.പി. | 0 | 3055735 | 3055735 | 3055735 | 0 | |
| വികസനഫണ്ട്- ടി എസ്.പി. | | 0 | 0 | 0 | | |
| സംരക്ഷണഗ്രാന്റ്- റോഡ് | 0 | 35263000 | 35263000 | 30817769 | 4445231 | |
| സംരക്ഷണഗ്രാന്റ്-നോൺറോഡ് | 0 | 4570000 | 4570000 | 4570000 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | | 4053857 | 4053857 | 3590316 | | 463541 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied- Bank | | 1985059 | 1985059 | 2192843 | | -207784 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| അങ്കണവാടി പൂരക പോഷകാഹാരം-320100125 | 58231 | 812114 | 870435 | 368913 | 0 | 501432 |
| ലൈഫ്- 320100160 | | 900000 | 900000 | 0 | | 900000 |
| -320100181-TSC | 167319 | 0 | 167319 | 140000 | | 27319 |
| 320100190-വിമുക്തി | 0 | 3000 | 3000 | 0 | - | 3000 |
| 320100196 -ICDS | 48000 | 0 | 48000 | 0 | | 48000 |
| 320100198-ശുചിത്വ മിഷൻ | 2 | 0 | 2 | 0 | | 2 |
| 320100202 ഹെൽത്ത് ഗ്രാന്റ് | 0 | 210807 | 210807 | 208161 | | 2646 |
| 320100204-ഹെൽത്ത് ഗ്രാന്റ് | | 81142 | 81142 | 12200 | | 68942 |
| 320100999- | 31886 | 0 | 31886 | 0 | | 31886 |

| | | | | | | |
|---|---|---|---|---|---|---|
| 320300199 | 1336333 | 0 | 1336333 | 1336333 | | 0 |
| 320700204 - ജോയിന്റ് വെഞ്ച്വർ ബ്ലോക്ക് പഞ്ചായത്ത് | 74726 | 0 | 74726 | 0 | | 74726 |

കുറിപ്പ്:-

1.ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരം കേന്ദ്ര ധനകാര്യക്കമ്മീഷൻ വിഹിതം നീക്കിയിരുപ്പ് താഴെ പറയും പ്രകാരം പൊരുത്തപ്പെടുന്നുണ്ട്.

| ഫണ്ടിനം | മുൻബാക്കി | തൻ വർഷ പലിശ | ACR നീക്കിയരിപ്പ് | തൻവർഷത്തിൽ സബ്മിറ്റ് ചെയ്ത് പാസ്സാകാത്ത ബിൽ തുക | ട്രഷറി നീക്കിയിരിപ്പ് | ആകെ | ബാങ്ക് /B4 ഷെഡ്യൾ നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Tied | 11641 | - | 463541 | | -17517 | 457665 | 457665 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ്- Untied-Bank | 674406 | 67906 | -207784 | 122855 (ACR Bill No 329/23/10-3-23 | | 657383 | 657383 |

തൻ വർഷത്തിൽ സബ്മിറ്റ് ചെയ്ത് പാസ്സാകാത്ത ബിൽ തുക ക്യാൻസൽ ചെയ്ത് ACR വരവ് ചെലവ് നീക്കിയിരിപ്പ് കൃത്യമാക്കി അറിയിക്കേണ്ടതും ട്ഷറി നീക്കിയിരിപ്പ് തുകയായ ₹17517/- യുടെ വിനിയോഗവിവരം ലഭ്യമാക്കേണ്ടതുമാണ്.

2. ACR പ്രകാരമുള്ള ചെലവും I-6 പ്രകാരമുള്ള വരവും പൊരുത്തപ്പെടുന്നില്ല.

| | ACR പ്രകാരമുള്ള ചെലവ് | I-6 പ്രകാരമുള്ള വരവ് | വ്യത്യാസം |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 9158963 | 9244455 | -85492 |
| വികസന ഫണ്ട്(എസ്.സി.പി) | 3055735 | 2895765 | 159970 |
| സംരക്ഷണ ഗ്രാന്റ് (റോഡ്) | 30817769 | 29394523 | 1423246 |
| സംരക്ഷണ ഗ്രാന്റ് (റോഡിതരം) | 4570000 | 4246458 | 323542 |

സോഴ്സ് ഡിഡക്ഷൻ, ക്യാപിറ്റൽ അക്കൌണ്ട് , മറ്റുള്ളവ എന്നീ വിശദാംശങ്ങൾ സഹിതം വ്യത്യാസത്തിനുള്ള വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (₹) | പൂർണ്ണമായി നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ(എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 211 | 9,16,95,965/- | 177 | 6,29,95,451/- | 139 | 38 | 34 | 65.87% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവ് | 26 | 10,63,980 | 10,64,006 | 10,64,006 | 0 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 1,98,75,397 | 1,98,75,397 | 1,98,75,397 | 0 |
| ആകെ | 26 | 2,09,39,377 | 2,09,39,403 | 2,09,39,403 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പെൻഷൻ ഇനം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | കർഷകതൊഴിലാളി പെൻഷൻ | 104 | 11,16,600 |
| 2 | വിധവാ പെൻഷൻ | 729 | 76,01,800 |
| 3 | വാർധക്യകാല പെൻഷൻ | 2148 | 2,00,84,800 |
| 4 | 50 വയസ്സിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 58 | 6,67,600 |
| 5 | ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 243 | 26,68,600 |
| 7 | വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 4 | 1,20,000 |

## 1-8 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20.07.2023 ഉച്ചകഴിഞ്ഞ് 3 മണിക്ക് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1,315/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

1) വാടക രജിസ്റ്റർ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ടെങ്കിലും നടപ്പ് സാമ്പത്തിക വർഷത്തെ വാടകയുടെയും, ആകെ കുടിശ്ശിക എന്നിവയുടെ വിവരങ്ങൾ രേഖപ്പെടുത്തിയിട്ടില്ല.
2) വി.ഇ.ഒ നിർവ്വഹണോദ്യോഗസ്ഥനായ പ്രോജക്റ്റുകളുടെ ഫയലിന്റെ പരിപാലനം തൃപ്തികരമല്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-12-2022 | 09/22 -11/22 | - |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 06-01-2014 | 2012-13 | 2-7-2014 |

## 1-11 വസ്തു നികുതി – അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ സഞ്ചയ സോഫ്റ്റ് വെയറിലെ വസ്തു നികുതി സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.
1. സഞ്ചയ സോഫ്റ്റ് വെയറിലെ എല്ലാ വാർഡുകളുടെയും അസസ്മെന്റ് രജിസ്റ്റർ പരിശോധിച്ചതിൽ ചില വാണിജ്യ കെട്ടിടങ്ങൾ തെറ്റായ ഉപയോഗക്രമത്തിൽ പെടുത്തി വസ്തു നികുതി നിർണ്ണയം നടത്തിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം | കെട്ടിട ഉടമയുടെ പേര് | വിസ്തീർണ്ണം/ കെട്ടിടത്തിന്റെ ഉപയോഗക്രമം | നിലവിലെ വസ്തു നികുതി നിരക്ക് | ഈടാക്കേണ്ടിയിരുന്ന വസ്തു നികുതി നിരക്ക് |
|---|---|---|---|---|---|
| 1 | 1/136 | മാത്തച്ചൻ | 360 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 | 70 |
| 2 | 4/149 | പൌലോസ്, തോട്ടക്കര | 160 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 | 70 |
| 3 | 4/363 | ആന്റു, മുക്കത്ത് | 130 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 | 70 |
| 4 | 7/83 | സിന്ധു ഷാജി, പഴയിടത്ത് | 101 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 | 70 |

| | | | | | |
|---|---|---|---|---|---|
| 5 | 10/264 | കുട്ടി, മഞ്ഞുമ്മൽ | 110 ച മീ, വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൌൺ | 40 | 70 |

2. സഞ്ചയ സോഫ്റ്റ് വെയറിലെ 2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതി കുടിശ്ശിക റിപ്പോർട്ട് പരിശോധിച്ചതിൽ പഞ്ചായത്തിലെ ചില വാർഡുകളിലെ കെട്ടിടങ്ങളുടെ വസ്തു നികുതി ഇനത്തിൽ മുൻ വർഷങ്ങളിലേതുൾപ്പെടെ കുടിശ്ശിക നിലനിൽക്കുന്നതായി കാണുന്നു. വളരെയധികം കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കെട്ടിട നം/ വിസ്തീർണ്ണം | ഉടമസ്ഥന്റെ പേര് | വസ്തു നികുതി കുടിശ്ശിക | ഈടാക്കേണ്ട കാലയളവ് | കെട്ടിടത്തിന്റെ ഉപയോഗക്രമം |
|---|---|---|---|---|---|
| 1 | 3/298 എ, 283.4 ച.മീ | സെക്രട്ടറി,മിൽക്ക് കോപ്പറേറ്റിവ് സൊസൈറ്റി (ഇ - 130(ഡി) എ.പി.സി.ഓ.എസ്, മഞ്ഞപ്ര) | 96,417 | 2020-21 മുതൽ 2022-23 വരെ | വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ |
| 2 | 3/296 എ, 102.7 ച.മീ | ഉണ്ണികൃഷ്ണൻ, ഊരക്കാട്ട്, മഞ്ഞപ്ര | 33,216 | 2019-20 മുതൽ 2022-23 വരെ | വാണിജ്യാവശ്യത്തിനുള്ളവ 100 ച.മീറ്റർ മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ , ഗോഡൌൺ |
| 3 | 6/304, 120 ച.മീ | സാബു ജോസഫ് | 12,600 | 2018-19 മുതൽ 2022-23 വരെ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |
| 4 | 6/425, 50 ച.മീ | കെ വി സാബു, പി ടി ഷാജി, പി ടി സാബു, കെ പി സ്റ്റാൻലി | 8,505 | 2013-14 മുതൽ 2022-23 വരെ | ഇതര വ്യവസായങ്ങൾക്കാവശ്യമുള്ളവ |
| 5 | 4/279, 88 ച.മീ | ഔസേഫ് | 7,395 | 2018-19 മുതൽ 2022-23 വരെ | വ്യവസായത്തിനാവശ്യമുള്ളവ- കൈത്തറി ഷെഡ്, കയർ പിരി ഷെഡ് |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 8 ന് മറുപടി ഖണ്ഡിക 1 ൽ പ്രസ്താവിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം പുനർനിർണ്ണയം നടത്തി ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഖണ്ഡിക 2ൽ പ്രസ്താവിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി കുടിശ്ശിക ഈടാക്കുന്നതിന് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും ജില്ലാ കളക്ടറുടെ ഉത്തരവ് പ്രകാരം തുകകൾ മേൽ കെട്ടിട ഉടമകളിൽ നിന്നും ഈടാക്കിയിട്ടുണ്ട്. ബാക്കി തുകകൾ ഈടാക്കുന്ന മുറയ്ക്ക് അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.
ഖണ്ഡിക 1 ൽ പരാമർശിച്ച കെട്ടിടങ്ങളുടെ ഉപയോഗക്രമം അടിയന്തിരമായി പുതുക്കി നിശ്ചയിക്കേണ്ടതും ആയവ പ്രകാരമുള്ള വസ്തു നികുതി നിരക്ക് നിശ്ചയിച്ച് മുൻ കുടിശ്ശിക വരുന്ന തുക ഉൾപ്പെടെ ഈടാക്കി രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതും, ഖണ്ഡിക 2 എന്നിവയിൽ പരാമർശിച്ച കെട്ടിടങ്ങൾ ഉൾപ്പെടെ പഞ്ചായത്തിലെ 13 വാർഡുകളിലേയും വർഷങ്ങളായി കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും ഈടാക്കേണ്ടതായ കുടിശ്ശിക കണക്കാക്കി ഈടാക്കേണ്ടതും, റവന്യൂ റിക്കവറി നടപടികൾ ആരംഭിച്ചിട്ടുള്ള കെട്ടിടങ്ങളിൽ നിന്നും മുഴുവൻ കുടിശ്ശികയും ഈടാക്കുന്ന പക്ഷം ആയതിന്റെ മുഴുവൻ വിവരങ്ങളും രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-12 തൊഴിൽ നികുതി -അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് രജിസ്റ്റർ, അനുബന്ധ രേഖകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. രജിസ്റ്റർ പരിശോധിച്ചതിൽ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ജീവനക്കാരന്റെ പേര്/ സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | നീതി ഡയഗനോസ്റ്റിക്ക് സെന്റർ | I |

2. തൊഴിൽ നികുതി രജിസ്റ്റർ, സ്റ്റേറ്റ്മെന്റ് എന്നിവ പരിശോധിച്ചതിൽ പഞ്ചായത്തിലെ കരാറുകാർ ആരും തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരന്റെ പേര് | ക്രമ നം | കരാറുകാരന്റെ പേര് |
|---|---|---|---|

| | | | |
|---|---|---|---|
| 1 | ജെയ്സൺ ഏലിയാസ് | 8 | പോൾ.പി.പി |
| 2 | ബിജു.പി.ജെ | 9 | നിബിൻ ബെന്നി |
| 3 | കെ.എസ്.പോളി | 10 | ബെന്നി എബ്രഹാം |
| 4 | സെബാസ്റ്റ്യൻ പോൾ | 11 | ലിന്റോ വർഗീസ് |
| 5 | പി.രമേശൻ | 12 | സനീഷ് കുര്യാക്കോസ് |
| 6 | ജോളി.കെ.സി | 13 | റോബിൻസ് ജോസഫ് |
| 7 | ജോയി.വി | | |

3. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നിവ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി കാണുന്നില്ല.
4. പഞ്ചായത്തിന്റെ പരിധിയിലുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ ചന്ദ്രപ്പുര ക്ഷീര സഹകരണ സംഘം ഒഴിച്ച് ബാക്കിയുള്ള ക്ഷീര സഹകരണ സംഘങ്ങൾ തങ്ങളുടെ ജീവനക്കാരുടെ തൊഴിൽ നികുതി അടച്ചതായി കാണുന്നില്ല.
5. ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ ലൈസൻസ് എടുത്തിട്ടുള്ള പല സ്ഥാപനങ്ങളും ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കുന്നില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ലൈസൻസ് രജിസ്റ്റർ നം | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|---|
| 1 | 72 | സെന്റ് അഗസ്റ്റിൻ പാക്കിംഗ് ഇന്റസ്ട്രീസ് | 4 |
| 2 | 193 | ഔഷധി ഫാർമസി & പഞ്ചകർമ്മ ചികിത്സാ കേന്ദ്രം | 2 |
| 3 | 221 | ദി ഗുഡ് ഫുഡ്സ് കമ്പനി | 6 |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 9 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഒഴിവാക്കാനാവുന്നവ ഒഴിവാക്കിയിട്ടുണ്ട്.
തൊഴിൽ നികുതി അടവാക്കുമ്പോൾ സമർപ്പിക്കുന്ന സ്റ്റേറ്റ്മെന്റുകൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ പരിശോധിക്കേണ്ടതും അടവാക്കുന്ന നികുതിയുടെ കൃത്യത ഉറപ്പ് വരുത്തേണ്ടതുമാണ്. ഖണ്ഡിക നമ്പർ 1,2,3,4,5 എന്നിവയിൽ പരാമർശിച്ച ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കാത്ത സ്ഥാപനങ്ങൾ എന്നിവരിൽ നിന്നും കുടിശ്ശിക ഉൾപ്പെടെ തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

## 1-13 പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുക്കാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ്, പാരാമെഡിക്കൽ രജിസ്ട്രേഷൻ എന്നിവയുടെ രജിസ്റ്ററുകൾ പരിശോധിച്ചതിൽ ചില സ്ഥാപനങ്ങൾ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അപാകതകൾ |
|---|---|---|
| 1 | അമ്പാട്ട് ഡയഗനോസ്റ്റിക്ക് സെന്റർ | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല |
| 2 | നന്മ ഫിസിയോതെറാപ്പി ക്ലിനിക്ക് | പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുത്തിട്ടില്ല |

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 10 ന് ലഭ്യമാക്കിയ മറുപടി പരിഗണിച്ച് ഒഴിവാക്കാനാവുന്നവ ഒഴിവാക്കിയിട്ടുണ്ട്.
പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ പ്രൈവറ്റ് ഹോസ്പിറ്റലുകളും, പ്രൈവറ്റ് പാരാമെഡിക്കൽ സ്ഥാപനങ്ങളും ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരമുള്ള രജിസ്ട്രേഷൻ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കരിക്കേണ്ടതും, മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളെ പാരാമെഡിക്കൽ രജിസ്ട്രേഷൻ എടുപ്പിക്കാനാവശ്യമായ നടപടികൾ കൈക്കൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-14 എഫ്.ടി.ഇ.ഒ.എസ്. ലൈസൻസ് - അപാകതകൾ

2022-23 സാമ്പത്തിക വർഷത്തിലെ ലൈസൻസ് രജിസ്റ്റർ, അനുബന്ധ അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തിരുത്തനത്തിൽ ടൂറിസ്റ്റ് ഹോം എന്ന സ്ഥാപനത്തിന് 07.03.2022 തീയതിയിൽ ലൈസൻസ് പുതുക്കി നൽകിയിട്ടുണ്ട്. 5000/- രൂപയാണ് ലൈസൻസ് ഫീസിനത്തിൽ വാങ്ങിയിട്ടുള്ളത്. എന്നാൽ സ്ഥാപനം സമർപ്പിച്ച പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ 17.04.2021 തീയതിയിലെ പിസിബി/ ഇകെഎം/ഡിഒ-01/ഒഎ-364/17 നമ്പർ സർട്ടിഫിക്കറ്റ് പ്രകാരം സ്ഥാപനത്തിന്റെ മൂലധനനിക്ഷേപം 216.60 ലക്ഷം രൂപ (2.166 കോടി) എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ പട്ടിക II പ്രകാരം 2 കോടി രൂപയിൽ കൂടുതലുള്ളതും എന്നാൽ 5 കോടി രൂപയിൽ കവിയാത്തതുമായ മൂലധന നിക്ഷേപമുള്ളതുമായ

വ്യാപാരങ്ങളെ മീഡിയം എന്റർപ്രൈസ് എന്ന ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്. ഈ ഇനത്തിൽ പെടുന്ന സ്ഥാപനങ്ങളിൽ നിന്നും പരമാവധി 10,000/- രൂപ വരെ ലൈസൻസ് ഇനത്തിൽ വാങ്ങാവുന്നതാണ്. 24.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന്റെ അടിസ്ഥാനത്തിൽ 5,000/- രൂപ അടവാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ ഓഡിറ്റ് ഇംപാക്റ്റിൽ ചേർത്തിട്ടുണ്ട്.

2. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ, ആഡിറ്റോറിയം, കല്യാണ മണ്ഡപങ്ങൾ, ലോഡ്ജ്, സിനിമ തിയേറ്റർ എന്ന ഉപയോഗക്രമത്തിൽ ആകെ 24 കെട്ടിടങ്ങൾ നിലവിലുണ്ട്. എന്നാൽ ഈ ഉപയോഗക്രമത്തിലുള്ള യാതൊരു സ്ഥാപനങ്ങളും ലൈസൻസ് എടുത്തതായി കാണുന്നില്ല.

3. പഞ്ചായത്തിന്റെ പരിധിയിലുള്ള ക്ഷീര സഹകരണ സംഘങ്ങളിൽ ചന്ദ്രപ്പുര ക്ഷീര സഹകരണ സംഘം ഒഴിച്ച് ബാക്കിയുള്ള ക്ഷീര സഹകരണ സംഘങ്ങൾ ലൈസൻസ് പുതിക്കിയതായി കാണുന്നില്ല.

4. പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന കള്ളുഷാപ്പുകൾ, റേഷൻകടകൾ എന്നീ സ്ഥാപനങ്ങൾ ലൈസൻസ് എടുത്തതായി കാണുന്നില്ല.

മേൽ അപാകതകൾക്ക് മറുപടി ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് 24.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയതിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് എടുപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

ഖണ്ഡിക 2,3,4 എന്നിവയിൽ പരാമർശിച്ച സ്ഥാപനങ്ങളെ ലൈസൻസ് എടുപ്പിക്കാനാവശ്യമായ നടപടികൾ കൈക്കോള്ളേണ്ടതും ആയതിന്റെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-15 ഭീമമായ വാടക കുടിശ്ശിക ഈടാക്കുവാൻ അവശേഷിക്കുന്നു

മഞ്ഞപ്ര ടൗണിന്റെ ഹൃദയ ഭാഗത്ത് സ്ഥിതിചെയ്യുന്ന ഷോപ്പിംഗ് കോംപ്ലക്സ് പൂർണ്ണമായി പൊളിച്ച് നീക്കം ചെയ്ത് ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിന്റെ ഭാഗമായി പുതിയ മാർക്കറ്റ് കെട്ടിടം നിർമ്മിക്കുന്നതിനും, നിലവിലുള്ള വാടകക്കാരെ ഒഴിപ്പിക്കുന്നതിനും വാടക കുടിശിക ഈടാക്കുന്നതിനും 22.08.2022 തീയതിയിലെ കമ്മിറ്റി തീരുമാനം നമ്പർ 12.1 പ്രകാരം തീരുമാനിച്ചിരുന്നു. 28.01.2023 തീയതിയിലെ പഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസ് നമ്പർ 400593/RMLR01/GPO/2023/508/(1) പ്രകാരം വാടക കുടിശ്ശിക അടയ്ക്കുവാനായി ഇവരെ അറിയിച്ചിരുന്നു. വാടകക്കാർക്ക് ആയച്ച പ്രസ്തുത നോട്ടീസ് പ്രകാരമുള്ള വാടക കുടിശ്ശികയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | കെട്ടിട നമ്പർ | ആകെ കുടിശ്ശിക |
|---|---|---|---|
| 1 | വിജയൻ.കെ.കെ | 9/171 | 35,775 |
| 2 | വർഗീസ്.എം.പി | 9/173 | 27,768 |
| 3 | ബാംബൂ കോർപ്പറേഷൻ | 9/312 | 5,850 |
| 4 | ഷീബ പൗലോസ് | 11/418 | 25,003 |
| 5 | ലാൽജി പോൾ | 11/419 | 33,451 |
| 6 | ഷൈജു | 11/420 | 35,539 |
| 7 | ശാന്ത | 11/421 | 30,996 |
| 8 | ഷീല രാജൻ | 11/423 | 25,410 |
| 9 | ബിനു ജോർജ്ജ് | 11/425 | 16,800 |
| 10 | വർഗീസ്.കെ.പി | 11/426 | 19,600 |
| 11 | ഷൈജു പോൾ | 11/432 | 4,200 |
| 12 | റിൻസി അവറാച്ചൻ | 11/427 | 4,200 |
| 13 | ജോസ്.കെ.ഡി | 11/429 | 20,096 |
| 14 | ബിജു ജോസഫ് | 11/431 | 26,594 |
| 15 | ജോസഫ് | 11/439 | 21,208 |
| 16 | കുര്യാക്കോസ് | 11/440 | 32,445 |
| 17 | മാർട്ടിൻ.പി.എ | 11/443 | 21,890 |
| 18 | ഉതുപ്പ്.പി.വി | 11/442 | 44,176 |
| 19 | ജോസ്.പി.എ | 11/441 | 23,914 |
| 20 | ഷാജി മാർട്ടിൻ | 11/444 | 61,222 |
| | ആകെ | | 5,16,137 |

2022-23 സാമ്പത്തിക വർഷത്തെ ബാലൻസ് ഷീറ്റിലെ ബി-15 ഷെഡ്യൂൾ പ്രകാരം നടപ്പ് സാമ്പത്തിക വർഷത്തെ കുടിശ്ശികയായി 45,130/- രൂപയും, മുൻ സാമ്പത്തിക വർഷങ്ങളിലെ കുടിശ്ശികയായി 1,85,911/- രൂപയുമാണ് (ആകെ - 2,31,041/- രൂപ) പഞ്ചായത്തിനു ലഭിക്കാനുള്ളത്. എന്നാൽ 28.01.2023 തീയതിയിലെ പഞ്ചായത്ത് സെക്രട്ടറിയുടെ നോട്ടീസ് നമ്പർ 400593/RMLR01/GPO/2023/508/(1) പ്രകാരം ആകെ 5,16,137/- രൂപ വാടക കുടിശ്ശികയിനത്തിൽ പഞ്ചായത്തിനു ലഭിക്കുവാനുണ്ട്. ആയതിനാൽ വാർഷിക കണക്കിലെ വാടക ഇനത്തിലെ മേൽ വ്യത്യാസം വരാനുണ്ടായ കാരണം വ്യക്തമാക്കേണ്ടതും, ആകെ കുടിശ്ശികയായ 5,16,137/- രൂപയിൽ വാടകയിനത്തിൽ ഏതെങ്കിലും തുകകൾ പഞ്ചായത്തിനു ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ,

വാടക കുടിശ്ശിക പിരിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ എന്നിവ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് 25.07.2023 തീയതിയിൽ നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 14 ന് മറുപടി ലഭ്യമാക്കിയില്ല.
വാടക കുടിശ്ശികയായ 5,16,137/- രൂപ മേൽ വാടകക്കാരിൽ നിന്നും അടിയന്തിരമായി ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതും, വാർഷിക കണക്കിലെ അപാകതകൾ പരിഹരിച്ച് വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-16 സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ

1. പഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെതുടർന്ന് പെൻഷൻവിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ /നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം എസ്)നം 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം കൈപറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവനും പഞ്ചായത്ത് സെക്രട്ടറിമാർ ബാധ്യസ്ഥരാണ്. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര്, പെൻഷൻ നം. | മരണപ്പെട്ട തീയതി, പെൻഷൻ ഇനം | പെൻഷൻ തുക വിതരണം | അപാകത |
|---|---|---|---|---|
| 1 | കെ പി ജോർജ്<br>106360201445 | 13-6.2022<br>വാർധക്യ പെൻഷൻ | 8/2022 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല. |
| 2 | ജോസഫ്<br>106360200919 | 1-4-2022,<br>വാർധക്യ പെൻഷൻ | 9/2021 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. |
| 3 | രാഘവൻ കെ കെ<br>106360200794 | 2-12-2022<br>വാർധക്യ പെൻഷൻ | 4/2023 വരെ തുക ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിച്ചു. | നിലവിലും ആക്ടീവ് ആയി തുടരുന്നു. മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കിയില്ല |

2. മരണപ്പെടുന്നവരുടെ പെൻഷൻ റദ്ദ് ചെയ്യാതിരിക്കുന്നതു മൂലം തുടർന്നും പെൻഷൻ തുക ഗുണഭോക്താവിന്റെ ബാങ്ക് അക്കൌണ്ടിൽ നിക്ഷേപിക്കപ്പെടുന്നു. കൂടാതെ മരണപ്പെട്ടിട്ടും ആക്ടീവായി തുടരുന്ന പെൻഷണർമാർക്ക് വിതരണം ചെയ്യാൻ കഴിയാതെ തടഞ്ഞുവച്ച തുകകൾ ബാങ്കുകളുടേയും സഹകരണബാങ്കുകളുടെയും അക്കൌണ്ടുകളിലേക്ക് മാറ്റപ്പെടുകയും സർക്കാരിലേക്ക് തിരികെ ലഭ്യമാകുന്നതിന് താമസം ഉണ്ടാക്കുകയും ചെയ്യുന്നു. മരണവിവരം/മരണ രജിസ്ട്രേഷൻ അപേക്ഷ വൈകി ലഭിക്കുന്ന അവസരങ്ങളിൽ അധികമായി ബാങ്കിന് കൈമാറിയ തുക തിരികെ അടയ്ക്കുന്നു എന്ന് ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

3. ഓരോ പീരീഡിലും വിതരണം ചെയ്യപ്പെടുന്ന പെൻഷൻ തുകകൾ കൃത്യമായി ഗുണഭോക്താവിനു ലഭ്യമാകുന്നുണ്ടോ എന്നും മരണപ്പെടുന്നവരുടെ അക്കൗണ്ടുകൾ യഥാസമയം സസ്പെൻറ് ചെയ്യപ്പെടുന്നുണ്ടോ എന്നതും ഉറപ്പാക്കാതെയാണ് നിലവിൽ പെൻഷൻ വിതരണം കൈകാര്യം ചെയ്യുന്നത്. പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള ഫയൽ പരിശോധിച്ചതിൽ പെൻഷൻ റദ്ദ് ചെയ്യുന്നതിനായി ബന്ധുക്കൾ നൽകുന്ന അപേക്ഷ പ്രകാരം നടപടി സ്വീകരിക്കുന്നതായി കാണുന്നു എങ്കിലും ഗ്രാമപഞ്ചായത്തിൽ റിപ്പോർട്ട് ചെയ്യുന്ന മരണങ്ങളെ ആസ്പദമാക്കി പെൻഷൻ റദ്ദ് ചെയ്യുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുന്നില്ല. പെൻഷണർ മരണപ്പെട്ടതായി സ്ഥാപനത്തിൽ അറിയുന്ന അവസരത്തിൽ തന്നെ അന്വേഷണം നടത്തി പെൻഷൻ റദ്ദ് ചെയ്യേണ്ടതാണ് എന്ന് സർക്കാർ നിർദേശിച്ചിട്ടുള്ളതാണ് എങ്കിലും ഇത് നടപ്പിലാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നില്ല. ഓരോ മരണ രജിസ്ട്രേഷന്റെ അപേക്ഷകളും അംഗീകരിച്ചതിന് ശേഷം മരണപ്പെട്ട ആൾ ക്ഷേമപെൻഷണർ ആണോ എന്ന് പരിശോധിക്കേണ്ടതും പെൻഷണർ ആണെങ്കിൽ ഉടനെ തന്നെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതിനായി മരണ രജിസ്ട്രേഷൻ സെക്ഷൻ പെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 25-7-23 ലെ ഓഡിറ്റ് എൻക്വയറി നം. 16 നുള്ള മറുപടിയിൽ ക്രമ നം. 1, 3 എന്നിവർക്ക് മരണ ശേഷം നൽകിയ തുക തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ് എന്നും അവരുടെ പെൻഷൻ സസ്പെന്റ് ചെയ്തതായും അറിയിച്ചു. ക്രമ നം. 2 ന്റെ പെൻഷൻ സസ്പെന്റ് ചെയ്തതായും ഇദ്ദേഹത്തിന്റെ അക്കൌണ്ടിലേക്ക് ഒക്ടോബർ 2021 മുതൽ തുക നിക്ഷേപിക്കാൻ സാധിച്ചിട്ടില്ല എന്നതിനാൽ നഷ്ടമില്ല എന്നും അറിയിച്ചു.

2022-23 സാമ്പത്തിക വർഷം മരണമടഞ്ഞവരിൽ വളരെ കുറച്ചുപേരുടെ വിവരങ്ങൾ മാത്രമാണ് ഓഡിറ്റിൽ

പരിശോധിച്ചിട്ടുള്ളത്. ഇത്തരം അപാകതകൾ ഇനിയും ഉണ്ടാകാമെന്നതിനാൽ കൃത്യമായ പരിശോധന നടത്തേണ്ടതും 2022-23 വർഷം മരണപ്പെട്ട എല്ലാവരുടെയും പെൻഷൻ വിവരങ്ങൾ പരിശോധിച്ച് പെൻഷൻ റദ്ദ് ചെയ്യുന്നതിനു സ്വീകരിച്ച നടപടി വിശദാംശങ്ങൾ സഹിതം അറിയിക്കേണ്ടതും ഓഡിറ്റ് നിർദേശങ്ങൾ പാലിക്കേണ്ടതുമാണ്.

## 1-17 തൊഴിലുറപ്പ് പദ്ധതി- അപാകതകൾ

തൊഴിലുറപ്പ് പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ലഭ്യമാക്കിയ വിശദാംശങ്ങൾ പ്രകാരം മെറ്റീരിയലും സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകളും സപ്ലൈ ചെയ്യുന്നതിനായി 2022-23 വർഷം ആകെ 31.41 ലക്ഷം രൂപയാണ് ചെലവായിട്ടുള്ളത്.

1. ഇതിൽ ₹4,25,312/- സിറ്റിസൺ ഇൻഫോർമേഷൻ ബോർഡുകൾ സപ്ലൈ ചെയ്ത അശ്വിൻ വി. വിജയൻ എന്ന കരാറുകാരന് നൽകിയെങ്കിലും നിയമ പ്രകാരമുള്ള 2 % ജി.എസ്.ടി.-ടി.ഡി.എസ്. കുറവ് ചെയ്തിട്ടില്ല.

2. 2022-23 വർഷം മറ്റു സാധന സാമഗ്രികൾ സപ്ലൈ ചെയ്ത കരാറുകാരനിൽ നിന്ന് 2023-24 വർഷമാണ് ജി.എസ്.ടി.-ടി.ഡി.എസ്. കുറവു ചെയ്തിട്ടുള്ളത്. ബിൽ തുക രണ്ടരലക്ഷത്തിലധികം അധികരിക്കുന്ന സമയത്തു തന്നെ ജി.എസ്.ടി.-ടി.ഡി.എസ്. കുറവ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നില്ല.

അപാകതൾക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 25-7-23 ലെ ഓഡിറ്റ് എൻക്വയറി നം. 13 നുള്ള മറുപടിയിൽ 2% ജി.എസ്.ടി.-ടി.ഡി.എസ്. ഇനത്തിൽ ₹8,506/- ഈടാക്കുന്നതിനും കൃത്യ സമയങ്ങളിൽ തന്നെ ജി.എസ്.ടി.-ടി.ഡി.എസ്. കുറവു ചെയ്യുന്നതിനുള്ള നടപടിയും സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചു. കരാറുകാരനിൽ നിന്ന് 2% ജി.എസ്.ടി.-ടി.ഡി.എസ്. ഇനത്തിൽ ₹8,506/- ഈടാക്കി വിശദാംശങ്ങളടക്കം അറിയിക്കേണ്ടതാണ്.

## 1-18 പുതിയ കിണർ നിർമ്മാണം - അപാകത

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 208/23 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| ആകെ അടങ്കൽ | ₹ 4,55,000/- |
| ആകെ ചെലവ് | ₹ 2,97,500/- |
| ബിൽ നമ്പർ, തീയതി, തുക | 276/16-2-23, ₹ 35,000/- |
| | 335/13-3-23, ₹ 1,22,500/- |
| | 377/18-3-23, ₹ 70,000/- |
| | 433/28-3-23, ₹ 52,500/- |
| | 449/30-3-23, ₹ 17,500/- |

മേൽ പദ്ധതി പ്രകാരം 17 ഗുണഭോക്താക്കൾക്ക് പുതിയ കിണർ നിർമ്മാണത്തിന് സബ്സിഡി അനുവദിച്ചിട്ടുണ്ട്. ജനറൽ വിഭാഗത്തിനുള്ള മേൽ പദ്ധതി CFC ഫണ്ട് ഉപയോഗിച്ചാണ് നടപ്പാക്കിയിട്ടുള്ളത്. വാർഷിക പദ്ധതിമാർഗ്ഗരേഖപ്രകാരം ജനറൽ വിഭാഗത്തിൽ ഒരു ഗുണഭോക്താവിന് 17,500/- എന്ന പരമാവധിക്ക് വിധേയമായി ചെലവുതുകയുടെ 50% ആണ് സബ്സിഡിയായി അനുവദിക്കാവുന്നത്. എന്നാൽ മേൽ പദ്ധതി പ്രകാരം ഓവർസിയർ നല്കിയ വാല്യൂവേഷൻ റിപ്പോർട്ടിലെ തുക പരിഗണിക്കാതെ പതിനേഴ് ഗുണഭോക്താക്കൾക്കും പരമാവധി സബ്സിഡി തുകയായ 17,500/- രൂപയാണ് അനുവദിച്ചിട്ടുള്ളത്. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| പേര് , വിലാസം, വാർഡ് നമ്പർ | LSGDഓവർസിയറുടെ വാല്യൂവേഷൻ പ്രകാരമുള്ള തുക(രൂപ) | നല്കിയ തുക(രൂപ) | നല്കാവുന്ന തുക(രൂപ) (വാല്യൂവേഷൻ തുകയുടെ 50%) |
|---|---|---|---|
| സുജാത ഷാജി, കാട്ടുപ്പിള്ളി, മഞ്ഞപ്ര, VI | 18,075 | 17,500 | 9,037 |
| റൈബിൻ ജോൺ, പടയാടൻ വീട്, മഞ്ഞപ്ര , VI | 17,886 | 17,500 | 8,943 |
| മേരി പൌലോസ്, മൂത്തേടൻ, പുതുമന, IV | 30,863 | 17,500 | 15,431 |
| വർഗ്ഗീസ് കെ.എ., കളത്തിപ്പറമ്പിൽ,മഞ്ഞപ്ര, III | 24,173 | 17,500 | 12,086 |
| ഷിബു കെ.വി., കാവാലിപ്പാടൻ, മഞ്ഞപ്ര, VII | 20,692 | 17,500 | 10,346 |

ഇത്തരത്തിൽ എല്ലാ ഗുണഭോക്താക്കൾക്കും പരമാവധി സബ്സിഡി നിരക്കായ 17,500/-രൂപ അനുവദിച്ചതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 4/21-7-23) നല്കി. ഗുണഭോക്താക്കൾക്ക് കിണർ നിർമ്മാണത്തിന് 50,000/- രൂപ മുതൽ 1,00,000/- രൂപ വരെ ചെലവ് വരുന്നുണ്ടെന്നും വാല്യൂവേഷൻ എടുത്തപ്പോൾ പിശക് സംഭവിച്ചതാണെന്നുമാണ് മറുപടിയിൽ

അറിയിച്ചിട്ടുള്ളത്. ഭാവിയിൽ സമാനമായ പദ്ധതികൾ നടപ്പാക്കുമ്പോൾ കൃത്യമായ വാല്യൂവേഷൻ ലഭ്യമാക്കേണ്ടതും ആയതിന്റെ അടിസ്ഥാനത്തിൽ പദ്ധതിമാർഗ്ഗരേഖപ്രകാരം നിശ്ചയിക്കപ്പെട്ടിട്ടുള്ള സബ്സിഡി അനുവദിക്കേണ്ടതുമാണ്.

1-19 നിക്ഷേപ പ്രവർത്തികൾക്കായി നല്കിയ തുകക്ക് വർഷങ്ങൾ കഴിഞ്ഞിട്ടും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല

അഡ്വാൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്ന് മുൻവർഷങ്ങളിൽ നിക്ഷേപ പ്രവൃത്തികൾക്കായി നല്കിയ തുകകൾ ക്രമീകരിക്കാതെ നിലനിൽക്കുന്നതായി കാണുന്നു. അഡ്വാൻസ് രജിസ്റ്ററിൽ പ്രവൃത്തി സംബന്ധിച്ച പൂർണ്ണമായ വിശദാംശങ്ങൾ ചേർത്തിട്ടില്ല.

കേരള വാട്ടർ അതോറിറ്റി

| ക്രമ നം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ വർഷം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | നീക്കിയിരിപ്പ് | 2015-16 | 7316 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | നീക്കിയിരിപ്പ് | 2015-16 | 4432 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | നീക്കിയിരിപ്പ് | 2015-16 | 1050 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 4 | നീക്കിയിരിപ്പ് | 2016-17 | 31043 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 5 | നീക്കിയിരിപ്പ് | 2016-17 | 4292 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 6 | പൈപ്പ് ലൈൻ നീട്ടൽ | 2018-19 | 300000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 7 | പൈപ്പ് ലൈൻ നീട്ടൽ | 2019-20 | 350000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 8 | പൈപ്പ് ലൈൻ നീട്ടൽ | 2020-21 | 787000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 9 | പൈപ്പ് ലൈൻ നീട്ടൽ | 2021-22 | 1205000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 10 | പൈപ്പ് ലൈൻ നീട്ടൽ | 2021-22 | 190000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ്

| ക്രമ നം | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ വർഷം | മുൻകൂർ നൽകിയ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | സ്ട്രീറ്റ് ലൈറ്റ് മീറ്ററിങ്ങ് | 2015-16 | 450000 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 2 | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 2015-16 | 69508 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 3 | സി.എഫ്.എൽ. സ്ഥാപിക്കൽ | 2015-16 | 7053 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 4 | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 2015-16 | 10330 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 5 | ഇലക്ട്രിക്കൽ ലൈൻ നീട്ടൽ | 2020-21 | 176991 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |
| 6 | ഇലക്ട്രിക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ വാർഡ്-2 | 2020-21 | 170864 | വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല |

മേൽ വിവരങ്ങളുടെ കൃത്യത പരിശോധിച്ച് ഈ നിക്ഷേപ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിക്കാത്തതിനുള്ള വിശദീകരണവും നിലവിലെ സ്ഥിതിയും പദ്ധതിയുടെ കൃത്യമായ പേരും നമ്പരും അടക്കം ലഭ്യമാക്കേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ 24-07-2023 ലെ ഓഡിറ്റ് എൻക്വയറി നം. 11 ന് മറുപടി നൽകിയില്ല. പ്രവൃത്തികൾ പൂർത്തീകരിച്ച് വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതിനോ, ചെലവഴിക്കാത്ത ബാക്കി തുക തിരികെ ഈടാക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-20 ബാലസഭ പ്രവർത്തനം - അധികനിരക്കിൽ തുക ചെലവഴിച്ചതിനാൽ ₹22,000 നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 25/23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 35,000/- |
| ആകെ ചെലവ് | ₹ 35,000/- |

| | |
|---|---|
| ബിൽ നമ്പർ | 345/15-3-23 |

ബാലസഭ പ്രവർത്തനങ്ങൾ എന്ന മേൽ പദ്ധതി വഴി ഓഡിറ്റ് വർഷത്തിൽ ബാലസഭ കുട്ടികൾക്കായി കുടനിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. 2022-23 വാർഷിക പദ്ധതി മാർഗ്ഗരേഖ 07.07.2010 പ്രകാരം (സ.ഉ. (കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022) ബാലസഭാ പ്രവർത്തനങ്ങൾക്ക് ചെലവഴിക്കാവുന്നതിലും അധികം തുക ചെലവിട്ടതിനാൽ അധിക ചെലവ് തുകയായ ₹22,000/- നിരാകരിക്കുന്നു. വിശദാംശങ്ങൾ ഭാഗം 3-1 ആയി ചേർത്തിരിക്കുന്നു.

## 1-21 വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയില്ല - ₹1,06,766/- തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായ താഴെ ചേർത്തിട്ടുള്ള പദ്ധതികൾ സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കേണ്ടതാണ് എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി (22/25.07.2023) നല്കിയിരുന്നെങ്കിലും ആയവ ലഭ്യമാക്കിയില്ല. അതിനാൽ 1,06,766/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊജക്റ്റ് നമ്പർ, പ്രൊജക്റ്റിന്റെ പേര് | നിർവ്വഹണ ഏജൻസി | ചെലവ് തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| 188/23,ചെറുചാൽ പുഞ്ച ജലസേചന പദ്ധതി വൈദ്യൂതീകരണം | K.S.E.B. | 32077/- | 436/28-3-23 |
| 226/23,യുവജ്യോതി വിജ്ഞാനകേന്ദ്രം വൈദ്യൂതീകരണം | K.S.E.B. | 4054/- | Ch. No. 317202/23-3-23 |
| 46/23,വിവിധ വാർഡുകളിൽ പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ | K.W.A. | 24000/- | 3/7-5-22 |
| 1/23, I.K.M. ന് പഞ്ചായത്ത് വിഹിതം നൽകൽ | I.K.M. | 46635/- | 103/21-10-22(43235/-)<br>220/24-1-23(3500/-) |

വിനിയോഗസാക്ഷ്യപത്രങ്ങൾ ലഭ്യമാക്കാത്തതിനാൽ 1,06,766/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-22 എസ്.എസ്.കെ. വിഹിതം നൽകൽ -വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 28/23 |
| നിർവ്വഹണം | ഹെഡ്മാസ്റ്റർ |
| ആകെ അടങ്കൽ | ₹4,12,800/- |
| ആകെ ചെലവ് | ₹4,12,800/- |
| ബിൽ നമ്പർ,തീയതി | ₹2,00,000/-(115/7-11-22)<br>₹2,12,800/-(116/7-11-22) |

മേൽ പദ്ധതി പ്രകാരം ജില്ലാ പ്രൊജക്റ്റ് കോ-ഓർഡിനേറ്റർക്ക് (SSK എറണാകുളം) 4,12,800/-രൂപ കൈമാറിയിട്ടുണ്ട്. ഇത് സംബന്ധിച്ച വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ഇത് സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (2/21.07.2023) നൽകിയിരുന്നെങ്കിലും വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കിയില്ല. ആയതിനാൽ 4,12,800/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-23 എഫ്.എച്ച്.സി.യിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ - കെ.എം.എസ്.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്റ്റ് നം., പേര് | 11/23, എഫ്.എച്ച്.സി.യിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ |
| അടങ്കൽ | 8,99,110/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 8,99,110/- രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| നിർവഹണം | മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |

എഫ്.എച്ച്.സി.യിലേക്ക് മരുന്നും അനുബന്ധ വസ്തുക്കളും വാങ്ങൽ പദ്ധതി പ്രകാരം 899110 രൂപ ചെലവഴിച്ചതിൽ 250000/- രൂപ (ബിൽ നം.16/22-23/14.10.2022, പ്രൊഫോർമ ഇൻവോയിസ് നം. PRF-1262/02.09.2022) മരുന്ന് ലഭ്യമാകുന്നതിന് കെ.എം.എസ്.സി.എൽ-ന്റെ അക്കൗണ്ടിലേക്ക് (നം. 3624001800000019, പി.എൻ.ബി) ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. എന്നാൽ നാളിതുവരെയും കെ.എം.സി.എല്ലിൽ നിന്നും മരുന്നുകൾ ലഭിച്ചിട്ടില്ല.

മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിവരം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (07/24.07.2023) ക്ക് നാളിതുവരെയും മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല എന്നും, ലഭ്യമാക്കുന്നതിന് തുടർനടപടികൾ സ്വീകരിച്ചു വരുന്നുണ്ട് എന്ന മറുപടിയാണ് ലഭ്യമാക്കിയത്.

കെ.എം.എസ്.സി.എല്ലിൽ മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക (8,99,110/- രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

1-24 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - ഹോംകോയിൽ നിന്നും മരുന്നുകൾ ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രൊജക്ട് നം., പേര് | 99/23, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| അടങ്കൽ | 150000 രൂപ (മെയിന്റനൻസ് ഫണ്ട് - റോഡിതരം) |
| ചെലവ് | 150000 രൂപ (ബിൽ നം.130/22-23/22.11.2023) |
| നിർവഹണം | മെഡിക്കൽ ഓഫീസർ (ഹോമിയോ) |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം 150000/- രൂപ (പ്രൊഫോർമ ഇൻവോയിസ് നം. PF-753/27.11.2023) ഹോംകോയുടെ അക്കൗണ്ടിലേക്ക് (നം. 34306403911, എസ്.ബി.ഐ) കൈമാറിയിട്ടുണ്ട്. എന്നാൽ ഹോംകോയിൽ നിന്നും നാളിതുവരെ മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള മേൽ നടപടികൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം.06/24.07.2023) നൽകിയതിന് മറുപടി ലഭ്യമാക്കിയില്ല.

ഹോംകോയിൽ നിന്നും മരുന്നുകൾ എത്രയും വേഗത്തിൽ ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അതുവരെ ചെലവ് തുക (150000 രൂപ) തടസ്സത്തിൽ വെയ്ക്കുന്നു.

1-25 പാലിയേറ്റീവ് കെയർ- പദ്ധതി നടപ്പിലാക്കിയതിൽ മാർഗ്ഗരേഖ കൃത്യമായി പാലിക്കുന്നില്ല

| | |
|---|---|
| പ്രോജക്ട് നം, പേര് | 9/23, പാലിയേറ്റീവ് കെയർ |
| അടങ്കൽ | ₹580780 (വികസന ഫണ്ട്) |
| ചെലവ് | ₹492042<br>[1)Bill No.68/30.08.2022,₹156363<br>2)Bill No.83/26.09.2022, ₹48662<br>3)Bill No.95/12.10.2022, ₹40299<br>4)Bill No.138/01.12.2022, ₹78188<br>5)Bill No.145/13.12.2022, ₹42810<br>6)Bill No.187/06.01.2023, ₹31820<br>7)Bill No.354/16.03.2023, ₹93900] |
| നിർവഹണം | മെഡിക്കൽ ഓഫീസർ (പി.എ.ച്ച്സി.) |

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ട മേൽ പറഞ്ഞ പദ്ധതി ആയതിന്റെ മാർഗ്ഗരേഖ [സ.ഉ.(സാധാ)നം.553/2019/ത.സ്വ.ഭ.വ, തീയതി.07.03.2019] പ്രകാരമാണോ നടപ്പിലാക്കിയത് എന്ന് പരിശോധിച്ചതിൽ പദ്ധതി നടത്തിപ്പിൽ താഴെ പറയുന്ന അപാകതകൾ കണ്ടെത്തി.

1. ഹോംകെയർ റിപ്പോർട്ട് രജിസ്റ്ററിൽ മാർഗ്ഗരേഖ ഖണ്ഡിക- 2.6.3 പ്രകാരമുള്ള ആവശ്യമായ വിവരങ്ങൾ/രേഖപ്പെടുത്തലുകൾ ഇല്ല.

2. ആഴ്ചയിൽ ഒരു പ്രാവശ്യം ഹോംകെയർ റിപ്പോർട്ട് ബുക്ക് കമ്മ്യൂണിറ്റി നഴ്സ് മെഡിക്കൽ ഓഫീസർക്ക് സമർപ്പിച്ച് ഹോംകെയറിന്റെ ഭാഗമായി രോഗികൾക്ക് ലഭ്യമായ സേവനങ്ങൾ എന്തെക്കൊയെന്ന് വിശദീകരിച്ച് കൊടുക്കേണ്ടതും സാക്ഷ്യപ്പെടുത്തി വാങ്ങണമെന്ന് മാർഗരേഖ ഖണ്ഡിക- 2.6.4 പറയുന്നുണ്ട്. എന്നാൽ അത്തരത്തിൽ ഹോംകെയർ റിപ്പോർട്ട് രജിസ്റ്റർ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല.

3. മാർഗ്ഗരേഖ പ്രകാരം പാലിയേറ്റീവ് മാനേജ്മെന്റ് കമ്മിറ്റി രണ്ട് മാസത്തിലൊരിക്കലോ ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും വരവ് ചെലവ് കണക്കുകൾ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ് (മാർഗരേഖ ഖണ്ഡിക - 2.9.2). എന്നാൽ പിഎംസി മിനിറ്റ്സ് ബുക്ക് പരിശോധിച്ചതിൽ ഓഡിറ്റ് വർഷം 4 തവണ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്. മാത്രമല്ല വരവ് ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ തൊട്ടടുത്ത മാസങ്ങളിലെ പ്രവർത്തന രൂപരേഖ തയ്യാറാക്കി അംഗീകരിക്കുകയോ ചെയ്തിട്ടില്ല.

4. പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികളുടെ വിശദാംശങ്ങൾ തദ്ദേശസ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമല്ല. കൂടാതെ ദീർഘകാലത്തേക്ക് മരുന്നുകൾ കഴിക്കേണ്ടിവരുകയോ ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമായി വരുകയോ ഏതെങ്കിലും തരത്തിൽ ദീർഘകാലത്തെ പരിചരണം വേണ്ടി വരുകയോ ചെയ്യുന്ന എല്ലാ രോഗികളെയും ആശമാരുടെയും മറ്റ് സന്നദ്ധ പ്രവർത്തകരുടെയും നേതൃത്വത്തിൽ കണ്ടെത്തി വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. (മാർഗരേഖ ഖണ്ഡിക – 2.2.1).

പാലിയേറ്റീവ് പരിചരണവുമായി ബന്ധപ്പെട്ടുള്ള പുതുക്കിയ മാർഗരേഖ പ്രകാരമുള്ള മേൽ പറഞ്ഞ നിർദ്ദേശങ്ങൾ പാലിക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി(15/25.07.2023) ക്ക് മറുപടിയായി മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പ്രകാരം നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

പാലിയേറ്റീവ് കെയർ പദ്ധതി നടപ്പിലാക്കുമ്പോൾ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ

ശ്രദ്ധിക്കേണ്ടതാണ്.

1-26 നെൽകൃഷിക്ക് കൂലി ചെലവ്- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിലും അധികം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 26/23, നെൽകൃഷിക്ക് കൂലിചെലവ് |
| അടങ്കൽ | ₹6,32,962 [വികസന ഫണ്ട്(ജനറൽ)-419810, ജില്ലാപഞ്ചായത്ത് വിഹിതം-213152] |
| ചെലവ് | ₹5,90,928 [വികസന ഫണ്ട്(ജനറൽ)-377776, ജില്ലാപഞ്ചായത്ത് വിഹിതം-213152] |
| ബിൽ /വൌച്ചർനം. | 199/11.01.2023- ₹1,12,000,<br>214/23.01.2023- ₹2,48,080,<br>245/07.02.2023- ₹17,696,<br>42201046/08.02.2023- ₹10,112,<br>42201044/08.02.2023- ₹1,39,040,<br>42201043/08.02.2023- ₹64,000 |
| നിർവഹണം | കൃഷി ഓഫീസർ |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം [സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി.28.05.2022] നെൽകൃഷിക്ക് കൂലി ചെലവിന് ഒരു ഹെക്ടറിന് പരമാവധി ഓരോ പൂ കൃഷിക്കും നൽകാവുന്ന തുക 25,000/- രൂപ വീതമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വിരിപ്പ്, മുണ്ടകൻ എന്നീ സീസണുകളിൽ നെൽകൃഷി ചെയ്തിട്ടുണ്ട്. ചെറുകിട കർഷകന് രണ്ട് സീസണിലെ കൃഷിക്കും കൂടി രണ്ട് ഹെക്ടറിന് പരമാവധി നൽകേണ്ട സബ്സിഡി 100000 രൂപയാണ്. എന്നാൽ ഒരു കർഷകന് 8,874/- രൂപ (108874-100000) അധികം നൽകിയിട്ടുണ്ട്. അധികം നൽകിയ തുക 8,874/- രൂപ നിർവഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

(വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 3-2 ലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു)

1-27 ഓഡിറ്റ് ഇംപാക്റ്റ്

1) അധിക നിരക്ക് അനുവദിച്ചതിനാൽ അധികം നൽകിയ 12183 രൂപ തിരികെ അടച്ചു.

ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയ മരാമത്ത് പ്രവൃത്തിയിൽ ഒരു പ്രവൃത്തിയിൽ ട്രെഞ്ചിങ്ങിനും എർത്ത് വർക്ക് എക്സ്കവേഷനും തുക നൽകിയതിനാൽ കരാറുകാരന് അധിക തുക അനുവദിച്ചത് ഓഡിറ്റ് എൻക്വയറി (1/20.7.2023 ) നൽകിയതിന്റെ അടിസ്ഥാനത്തിൽ രൂപ 12183 രസീത് നം 1230101062/26.7.2023 പ്രകാരം തിരികെ അടച്ചു.

2) 2022-23 സാമ്പത്തിക വർഷത്തിലെ ഓഡിറ്റിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ഓഡിറ്റ് എൻക്വയറികൾ മുഖേന സ്ഥാപനത്തിന്റെ ശ്രദ്ധയിൽപെടുത്തിയതിനെ തുടർന്ന് താഴെപ്പറയുന്ന തുകകൾ അടവാക്കുകയുണ്ടായി. തിരിച്ചടച്ച തുകയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| എൻക്വയറി നം / തീയതി | ഇനം | രസീത് നം./ തീയതി | തുക |
|---|---|---|---|
| 12/ 24.07.2023 | ലൈസൻസ് ഫീസ് | 1230101040/25.07.2023 | 5,000 |
| 10/24.07.2023 | പാരാമെഡിക്കൽ രജിസ്ട്രേഷൻ ഫീസ് | 1230101059/26.07.2023 | 50 |
| 09/24.07.2023 | തൊഴിൽ നികുതി | 1230101044/25.07.2023 | 150 |
| 09/24.07.2023 | തൊഴിൽ നികുതി | 1230101043/25.07.2023 | 300 |
| 09/24.07.2023 | തൊഴിൽ നികുതി | 1230101060/26.07.2023 | 6,000 |
| 09/24.07.2023 | തൊഴിൽ നികുതി | 1230101058/26.07.2023 | 3,000 |
| ആകെ | | | 14,500 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ബാലസഭ പ്രവർത്തനം - അധികനിരക്കിൽ തുക ചെലവഴിച്ചതിനാൽ ₹ 22000/- നിരാകരിക്കുന്നു.

| | |
|---|---|
| പ്രൊജക്റ്റ് നമ്പർ | 25/23 |
| നിർവ്വഹണം | അസിസ്റ്റന്റ് സെക്രട്ടറി |
| ആകെ അടങ്കൽ | ₹ 35000/- |
| ആകെ ചെലവ് | ₹ 35000/- |
| ബിൽ നമ്പർ | 345/15-3-23 |

ബാലസഭാ പ്രവർത്തനങ്ങൾ എന്ന മേൽ പദ്ധതി വഴി ഓഡിറ്റ് വർഷത്തിൽ ബാലസഭ കുട്ടികൾക്കായി കുടനിർമ്മാണ പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്. Eksat HRD Training & Research Institute , Ernakulam എന്ന സ്ഥാപനമാണ് കുട്ടികൾക്ക് കുടനിർമ്മാണത്തിൽ പരിശീലനം നല്കിയിട്ടുള്ളത്. ഇതിന് പ്രതിഫലമായി മേൽ സ്ഥാപനത്തിന് ₹35000/- രൂപ നല്കിയിരിക്കുന്നു. 2022-23 വാർഷികപദ്ധതി മാർഗ്ഗരേഖ 7.7.10 പ്രകാരം (സ.ഉ. (കൈ) നം.115/2022/ത.സ്വ.ഭ.വ. തീയതി 28.5.2022) ബാലസഭാ പ്രവർത്തനങ്ങൾക്ക് വാർഡ് ഒന്നിന് 1000/- രൂപയാണ് ചെലവഴിക്കാവുന്നത്. മഞ്ഞപ്ര പഞ്ചായത്തിൽ 13 വാർഡുകളാണ് ഉള്ളത് എന്നതിനാൽ ആകെ 13000/- രൂപയാണ് ബാലസഭക്കായി ചെലവഴിക്കാവുന്നത്. അതിനാൽ പദ്ധതിമാർഗ്ഗരേഖക്ക് വിരുദ്ധമായി അധികതുക ചെലവ് ചെയ്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നമ്പർ 17/25-7-23) നല്കി. പ്രസ്തുതപദ്ധതി വഴി പഞ്ചായത്തിന്റെ സാമ്പത്തിക ഉന്നമനമാണ് ലക്ഷ്യംവെച്ചതെന്നും കുട്ടികൾക്ക് പരിശീലനം നല്കിയതിലൂടെ സ്വന്തം വീട്ടിലും കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾക്കും കുട്ടികൾ കുടകൾ നിർമ്മിച്ച് നല്കിയിട്ടുണ്ടെന്നും മറുപടിയായി അറിയിച്ചിരിക്കുന്നു. ആയത് അംഗീകരിക്കുന്നുവെങ്കിലും മാർഗ്ഗരേഖയിൽ നിശ്ചയിച്ചിട്ടുള്ള നിരക്കിലും അധികമായി ചെലവ് ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. അതിനാൽ അധികമായി ചെലവ് ചെയ്ത ₹ 22000 (₹ 35000-₹ 13000) നിരാകരിക്കുന്നു. തുക തിരിച്ചടച്ച് രേഖകൾ സഹിതം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 3-2 നെൽകൃഷിക്ക് കൂലി ചെലവ്- മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചതിലും അധികം നൽകി

| | |
|---|---|
| പ്രോജക്റ്റ് നം., പേര് | 26/23, നെൽകൃഷിക്ക് കൂലിചെലവ് |
| അടങ്കൽ | ₹6,32,962/- [വികസന ഫണ്ട്(ജനറൽ)-419810, ജില്ലാപഞ്ചായത്ത് വിഹിതം-213152] |
| ചെലവ് | ₹5,90,928/- [വികസന ഫണ്ട്(ജനറൽ)-377776, ജില്ലാപഞ്ചായത്ത് വിഹിതം-213152] |
| ബിൽ /വൌച്ചർനം. | 199/11.01.2023-₹1,12,000,<br>214/23.01.2023-₹2,48,080,<br>245/07.02.2023-₹17,696,<br>42201046/08.02.2023-₹10,112,<br>42201044/08.02.2023-₹1,39,040,<br>42201043/08.02.2023-₹64,000 |
| നിർവഹണം | കൃഷി ഓഫീസർ |

സബ്സിഡി മാർഗ്ഗരേഖ പ്രകാരം [സ.ഉ(കൈ)നം.115/2022/തസ്വഭവ, തീയതി.28.05.2022] നെൽകൃഷിക്ക് കൂലി ചെലവിന് ഒരു ഹെക്ടറിന് പരമാവധി ഓരോ പൂ കൃഷിക്കും നൽകാവുന്ന തുക 25,000/- രൂപ വീതമാണ്. ഗ്രാമപഞ്ചായത്ത് പരിധിയിൽ വിരിപ്പ്, മുണ്ടകൻ എന്നീ സീസണുകളിൽ നെൽകൃഷി ചെയ്തിട്ടുണ്ട്. ചെറുകിട കർഷകന് രണ്ട് സീസണിലെ കൃഷിക്കും കൂടി രണ്ട് ഹെക്ടറിന് പരമാവധി നൽകേണ്ട സബ്സിഡി 1,00,000/- രൂപയാണ്. എന്നാൽ ഒരു കർഷകന് തുക അധികം നൽകിയതായി കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| കർഷകന്റെ പേര് | ഫണ്ട് ട്രൻസ്ഫർ ചെയ്ത ബാങ്ക് അക്കൌണ്ട് നം. | IFSC | തുക (₹) |
|---|---|---|---|
| ജോസഫ്.കെ.എ | 38284293749 | SBIN0071200 | 25,760 |
| | | | 28,000 |

| | | | |
|---|---|---|---|
| | | | 24,394 |
| | | | 16,000 |
| | | | 14,720 |
| | | ആകെ | 1,08,874 |

8,874/- രൂപ (108874-100000) അധികം നൽകിയതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (23/26.07.2023)ക്ക് മറുപടി നൽകിയില്ല. ആയതിനാൽ അധികം നൽകിയ തുക 8,874/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2022-23 ഓഡിറ്റിന്റെ ഭാഗമായാണ് അക്കൗണ്ട്സ് പരിശോധന നടത്തിയിട്ടുള്ളത്. | | |

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | തൻവർഷം ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | 2022-23 ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2022-23 | 3138592 | 7/23 ലൈഫ് ഭവന പദ്ധതി -ജനറൽ | 2000000 | 0 |
| | | | 19/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 163940 | 0 |
| | | | 20/23 ലൈഫ് ഭവന പദ്ധതി -എസ് സി പി | 220000 | 0 |
| | | | 26/23, നെൽകൃഷി കൂലിച്ചെലവ് | 213152 | 0 |
| | | | 84/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 75000 | 0 |
| | | | 212/23, തരിശ് നെൽ കൃഷി | 12000 | 0 |
| | | | 229/23, എസ് സി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 454500 | 0 |
| | ആകെ | 3138592 | | 3138592 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2022-23 | 3609252 | 7/23 ലൈഫ് ഭവന പദ്ധതി -ജനറൽ | 1380000 | 0 |
| | | | 18/23, അങ്കണവാടി അനുപൂരക പോഷകാഹാര പദ്ധതി | 209432 | 0 |
| | | | 19/23, ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 491820 | 0 |
| | | | 20/23, ലൈഫ് ഭവന പദ്ധതി -എസ് സി പി | 703000 | 0 |
| | | | 84/23, ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 225000 | 0 |
| | | | 89/23, ലൈഫ് -ഭൂരഹിത ഭവന രഹിതർക്ക് സ്ഥലം വാങ്ങൽ | 600000 | 0 |
| | ആകെ | 3609252 | | 3609252 | 0 |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിന് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കി |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| | | | | | യുള്ള തുക |
| കെ.എസ്.ഇ.ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ (69/23) | 42201204/32-3-23, ₹113371/- 42201204/31-3-23, ₹322757/- | 4,36,128 | - | 4,36,128 |
| കെ.എസ്.ഇ.ബി | ലിഫ്റ്റ് ഇറിഗേഷൻ വൈദ്യുതീകരണം (188/23) | 42201212/31-3-23 | 32,077 | - | 32,077 |
| ആകെ | | | 4,68,205 | - | 4,68,205 |

1. പ്രോജക്റ്റ് നം 46/23, പൈപ്പ് ലൈൻ നീട്ടലിന് KWA യ്ക്ക് നൽകിയ ₹24,000/- , പ്രോജക്റ്റ് നം 210/23, വിവിധ വാർഡുകളിൽ പോസ്റ്റ് ഷിഫ്റ്റിങ്ങിന് കെ.എസ്.ഇ.ബി ക്ക് നൽകിയ 24,605/-(210/23); എന്നീ ചെലവുകൾ നിക്ഷേപ പ്രവൃത്തിയായി ധനകാര്യ പത്രികയിൽ ചേർത്തിട്ടില്ല. ധനകാര്യ പത്രികയിൽ നിക്ഷേപ പ്രവൃത്തിയായി ചേർത്ത് അറിയിക്കേണ്ടതും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതുമാണ്.

2. മുൻവർഷം നിക്ഷേപ പ്രവൃത്തിയ്ക്കായി KWA യ്ക്ക് നൽകിയ തുകയിൽ നിന്ന് ₹35,00,000/- തൻവർഷം കുറവ് ചെയ്തിട്ടുണ്ട് എങ്കിലും വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

## 4-5 വായ്പ/ വായ്പ തിരിച്ചടവ്

| വായ്പയുടെ പേര് / ഉദ്ദേശ്യം | ഉത്തരവ് നമ്പർ | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| | | | മുതൽ | പലിശ | |
| ലൈഫ് ഭവന പദ്ധതി | GO(MS)111/2018/LSGD 13.08.2018 | 35,91,838 | 9,14,680/- (സോഴ്സ് ഡിഡക്ഷൻ) | - | 26,77,158 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറിയിനത്തിൽ തൻവർഷത്തിൽ വരവില്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 -ാം വകുപ്പ് പ്രകാരമുള്ള സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-1998 | 52 | 2000-01 | IV-57(d) | വള്ളിക്കത്തോട് - കോഴികുളം റോഡ് സൈഡ് കെട്ടൽ 1 ലക്ഷം രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു | ആർ.ആർ. നടപടികളിൽ നിന്നും ഒഴിവാക്കുന്നതിന് നിയമസഭാ സമിതിയ്ക്ക് പഞ്ചായത്ത് അപേക്ഷ നൽകിയിട്ടുണ്ട്. |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| മുന്നിരിപ്പ് | 53,92,813 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 2,61,33,520 |
| ആകെ | 3,15,26,333 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 2,47,59,680 |
| നീക്കിയിരിപ്പ് | 67,66,653 |
| വരവിനങ്ങളിലുള്ള നഷ്ടം | 0.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 30,874 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1,568,676 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-1 | - | 22,000 | സുനിൽ.എം.എസ്, അസിസ്റ്റന്റ് സെക്രട്ടറി |
| 3-2 | - | 8,874 | ബാവു.ഒ.എച്ച്, കൃഷി ഓഫീസർ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-21 | 32,077 | അനിൽ കുമാർ ആർ., സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| | 4,054 | അനിൽ കുമാർ ആർ., സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| | 24,000 | മധുസൂദനൻ.ടി.ജി.,സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് – വിരമിച്ചു |
| | 46,635 | അനിൽ കുമാർ ആർ., സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് |
| 1-22 | 4,12,800 | എസ്സി.കെ.കെ, ഹെഡ്മാസ്റ്റർ, ജെ.ബി.എസ് |
| 1-23 | 8,99,110 | ലിജ.കെ.ദിവാകരൻ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) |
| 1-24 | 1,50,000 | അനിശ്രീ പ്രകാശ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| | 1,568,676 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| അനിൽകുമാർ, സെക്രട്ടറി | സെക്രട്ടറി, എടവ ഗ്രാമപഞ്ചായത്ത് | രേഖ മന്ദിരം, വയമ്പച്ചിറ, മണ്ണന്തല പി ഒ – 695015 |
| മധുസൂദനൻ.ടി.ജി, സെക്രട്ടറി | വിരമിച്ചു | ശ്രീനിലയം, നമ്പിള്ളി, ഒക്കൽ, ചേലാമറ്റം. |
| എസ്സി.കെ.കെ, ഹെഡ്മാസ്റ്റർ, ജെ.ബി.എസ് | ഹെഡ്മാസ്റ്റർ, കുത്താട്ടുകുളം ഗവ.എൽ.പി.എസ് | കുന്നുമേൽ വീട്, മന്നത്തൂർ പി ഒ -686667 |
| ലിജ.കെ.ദിവാകരൻ, മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി) | മെഡിക്കൽ ഓഫീസർ, കാലടി സി.എച്ച്.സി | മനകടി വീട്, അങ്കമാലി |
| അനിശ്രീ പ്രകാശ്, മെഡിക്കൽ ഓഫീസർ (ഹോമിയോ) | മെഡിക്കൽ ഓഫീസർ (ഹോമിയോ), മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | എച്ച്.ഐ.ജി 30, പനമ്പിള്ളി നഗർ -682036 |
| സുനിൽ.എം.എസ്, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മഞ്ഞപ്ര ഗ്രാമപഞ്ചായത്ത് | മണിയന്തറ വീട്, പുതിയ റോഡ്, ചൊവ്വര പിഒ -683571 |
| ബാവു.ഒ.എച്ച്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പൂത്തൃക്ക ഗ്രാമപഞ്ചായത്ത് | ഒലിപ്പാറ വീട്, പുറ്റിലഞ്ഞിക്കര, എരമല്ലൂർ പി ഒ, കോതമംഗലം |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പരും തീയതിയും |
|---|---|
| 1996-97 | എൽ.എഫ്.ഇ.(പി3)716/98 - 14.10.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)210/00 - 01.12.2000 |
| 1998-99 | എൽ.എഫ്.ഇ.(പി4)1210/04 - 05.03.2005 |
| 1999-00 | എൽ.എഫ്.ഇ.(പി4)1221/04 - 11.03.2005 |
| 2000-01 | എൽ.എഫ്.ഇ.(പി4)441/05 - 07.10.2005 |
| 2001-02 | എൽ.എഫ്.ഇ.(പി4)78/04 - 21.01.2007 |
| 2002-03 | എൽ.എഫ്.ഇ.(പി4)1427/08 -20.03.2009/30.11.2009 |
| 2003-04 | എൽ.എഫ്.ഇ.(പി4)1428/08 - 20.03.2009/30.11.2009 |
| 2004-05 | എൽ.എഫ്.ഇ.(പി4)1429/08 – 20.03.2009/30.11.2009 |
| 2005-06 | എൽ.എഫ്.ഇ.(പി4)1430/08 – 20.03.2009/30.11.2009 |
| 2006-07 | എൽ.എഫ്.ഇ.(പി4)1431/98 – 20.03.2009/30.11.2009 |
| 2007-08 | എൽ.എഫ്.ഇ.(പി4)1079/09 - 20.01.2010 |
| 2008-09 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2009-10 | എൽ.എഫ്.ഇ.(പി4)1792/10 - 05.08.2011/11.10.2011 |
| 2010-11 | എൽ.എഫ്.ഇ.(പി4)1586/12 - 14.09.2012/12.12.2012 |
| 2011-12 & 2012-13 | എൽ.എഫ്.ഇ.(പി4)1335/14 - 13.10.2014/14.11.2014 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം(പി4എ) 1001/2016 - 27.06.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം(പി4) 2204/2016 – 24.12.2016 |
| 2016-17 | കെ.എസ്.എ.ഇ.കെ.എം(പി4) 1814/2017 – 16.09.2017 |
| 2017-18 | കെ.എസ്.എ.ഇ.കെ.എം(പി4) 151/2019 – 19.03.2019 |
| 2018-19 | കെ.എസ്.എ.ഇ.കെ.എം(പി4) 1207/2019 – 05.09.2019 |
| 2019-20 | കെ.എസ്.എ.ഇ.കെ.എം(പി4) 1810/2021 – 09.02.2022 |
| 2020-21 | കെ.എസ്.എ.ഇ.കെ.എം(പി4) 1811/2021 – 09.02.2022 |
| 2021-22 | കെ.എസ്.എ-ഇ.കെ.എം(പി4)154/23 - 11/04/2023 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

## Annexure 1

## Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 30-06-2023 and submitted on 01-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Manjapra Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Manjapra Grama Panchayat for the year 2022-2023

Date: 07/10/2023

Deputy Director
District Office Ernakulam
Kerala State Audit Department

**Audit Report appended to the Audit Certificate of Manjapra Grama Panchayat for the Year 2022-2023.**

**1.Major Observations**

1. Lack of free and independent access to Accounting and all other Softwares which have direct or indirect impact on financial reports and information

2. Lack of Panchayath Raj Budget rules adversely affecting budgetary control system.

3. The Asset value shown in Balance sheet is not traceable to Asset Register due to unsupported design of existing asset register.

4. Non inclusion of Notes to accounts in Financial statements and non disclosure of material facts.

5. Generation of financial reports showing contradictory information due to non integration of Accounting software with other related softwares.

**2.Other Observations**

1. Non inclusion of ratios And Note to accounts. B1 Schedule not attached.

2. Cash Flow statement -Net increase/decrease in cash flow does not match with difference between opening

balance and closing balance of cash and cash equivalents.

3. Gross Surplus over income over expenditure is wrongly Stated in the Icome and Expenditure Account.
4. Capital Contribution (Account head 312109901 ) Amount is stated less than previous year Balance
5. Capital Contribution is not match with Asset creation of this year.
6. Property Tax DCB in AFS is not in talley with the DCB in Sanchaya Statements.
7. As the statement on caculation of depreciation on various Asset is not produced, the correctness of depreciation provision could not be verified.
8. Balance of various Funds are not matching with bank account balance kept for the same funds.
9. E-Tender Form fees is not included as income or as receivable in AFS.
10. Lapses in making timely and accurate demand entries in respect of tax revenue.
11. Grant Balalnce(Account head320100999) details not produced.
12. Demand register does not match with Financial statements.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മഞ്ഞപ്ര ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്